# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം: *96

03..12..2015 -ൽ
മറുപടിയ്ക്ക്

## സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച

*ചോദ്യം*

ശ്രീ. ജെയിംസ് മാത്യു
,, കെ.കെ.ജയചന്ദ്രൻ
,, കെ.സുരേഷ് കുറുപ്പ്
,, ആർ.രാജേഷ്

*ഉത്തരം*

ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തകർച്ച സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്ത് സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ വിജയ ശതമാനം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവാരത്തകർച്ച നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ സർവ്വകലാശാലാ തലത്തിലും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) മതിയായ യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ലാതെ ആരംഭിച്ച മിക്ക കോളേജുകളും എ.ഐ..സി.റ്റി.ഇ മാനദണ്ഡം പാലിക്കുന്നില്ലായെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) സ്വാശ്രയമേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന, ഭൗതീക സാഹചര്യങ്ങൾ സംബന്ധിച്ച് AICTE -യും ബന്ധപ്പെട്ട സർവ്വകലാശാലകളും പരിശോധനകൾ നടത്തി പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന അപ്രൂവൽ/അഫിലിയേഷന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള NOC സർക്കാരിൽ നിന്നും നൽകിവരുന്നത്. |

കൂടാതെ സർക്കാർ തലത്തിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങളിൽ എം.ടെക്ക് യോഗ്യതയുള്ള അധ്യാപകരുടെ കുറവ് നികത്തുന്നതിലേയ്ക്കായി എം.ടെക്ക് യോഗ്യതയുള്ള കൂടുതൽ അധ്യാപകരെ നിയമിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഏതെല്ലാം കോളേജുകളുടെ അംഗീകാരം എ.ഐ.സി.ടി.ഇ. പിൻവലിച്ചിട്ടുണ്ടെന്നറിയിക്കുമോ ; പ്രസ്തുത സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) 2015 - 16 അദ്ധ്യയന വർഷത്തിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (PISAT) പാലക്കാട് എന്ന സ്ഥാപനത്തിന് AICTE തുടർ അംഗീകാരം (Extension of approval) നൽകിയിട്ടില്ല. ടി സ്ഥാപനത്തിൽ പഠിച്ചിരുന്ന 6-ാം സെമസ്റ്റർ വിദ്യാർത്ഥികളെ സമീപ പ്രദേശങ്ങളിലെ കോളേജുകളിലേയ്ക്ക് തുടർ പഠനത്തിനായി മാറ്റുവാൻ കാലിക്കറ്റ് സർവ്വകലാശാല ഉത്തരവിട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പി.എ.അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി ( PAACET) എന്ന സ്ഥാപനത്തിന്റെ അംഗീകാരവും AICTE പിൻവലിച്ചിട്ടുണ്ട്. ടി സ്ഥാപനത്തിൽ പഠിച്ചിരുന്ന S3, S7 സെമസ്റ്റർ വിദ്യാർത്ഥികളെ കേരള സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന മറ്റ് കോളേജുകളിലേയ്ക്ക് മാറ്റി തുടർ വിദ്യാഭ്യാസം ചെയ്യുവാൻ വേണ്ട നടപടികൾ കേരള സർവ്വകലാശാല സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) എഞ്ചിനീയറിംഗ് കോളേജു കളുടെ നിലവാരത്തകർച്ച സംബന്ധിച്ച ഹൈക്കോടതി വിമർശനവും നിർദ്ദേശ ങ്ങളും പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി കൾ വ്യക്ത മാക്കുമോ ? | (ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാര ത്തെക്കുറിച്ച് പരാമർശം നടത്തിയ സാഹചര്യത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്ന തിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതല പ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ സ്ഥാപന ങ്ങളുടെ നിലവിലുള്ള വിജയശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതീക സാഹചര്യങ്ങൾ എന്നിവയും പരിഗണി ക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ